# കേരളത്തെ കൊലക്കളമാക്കിയ ഇടതുസർക്കാർ രാജിവെച്ചൊഴിയണം

**അഡ്വ.ജോബ് മൈക്കിൾ**



*സംസ്ഥാനത്തെ ഗുണ്ടാരാജിനെതിരെയും ആഭ്യന്തരമന്ത്രി രാജിവെക്കണമെന്നും ആവശ്യപ്പെട്ട് കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ.മുഹമ്മദ് ഇക്ബാൽ, ബെന്നി കക്കാട്, കൊട്ടാരക്കര പൊന്നച്ചൻ, സുമേഷ് ആൻഡ്രൂസ്, സാജൻ കുന്നത്ത്, ഉഷാലയം ശിവരാജൻ, സി.ആർ.സുനു, വർക്കല സജീവ്, പ്രദീപ് കൂട്ടാല, വർഗീസ് ജോൺ എന്നിവർ സമീപം.*

സമാധാനത്തിന്റെ വാഗ്ദത്ത ഭൂമിയെന്ന് ഇന്ത്യയിലും ലോകഭൂപടത്തിലും സ്ഥാനം നേടിയ കേരളത്തെ മൂന്നരവർഷക്കാലത്തെ ഭരണംകൊണ്ട് കൊലക്കളമാക്കി മാറ്റിയ ഇടതുസർക്കാർ രാജിവെച്ച് ജനവിധി തേടണമെന്ന് കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ ഗുണ്ടാരാജിനെതിരെ, അതിനു ചുക്കാൻ പിടിക്കുന്ന ആഭ്യന്തര മന്ത്രി രാജിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് ധർണയ്ക്കു മുന്നോടിയായുള്ള മാർച്ച് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ ഇന്ന് നിലനില്ക്കുന്നത് സിപിഎം നേതൃത്വത്തിന്റെ തണലിൽ വളർന്നു പന്തലിച്ച ക്വട്ടേഷൻ സംഘങ്ങളുടെ ഭരണമാണ്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾപോലും സുരക്ഷിതമല്ലാതായിരിക്കുന്നു. സിപിഎം ഗുണ്ടകളുടെ ആക്രമണത്തിന് ഇരയായ എസ്.ഐ. ഉൾപ്പെടെയുള്ള പോലീസുകാർക്ക് പരാതി ഇല്ല എന്നാണ് ഇടതുസർക്കാർ നിയമസഭയിൽ പറഞ്ഞത്. എന്നാൽ അതേ സമയത്തുതന്നെ പോലീസ് ഉദ്യോഗസ്ഥർ തങ്ങൾക്ക് പരാതി ഉണ്ട് എന്ന് പരസ്യമായി വെളിപ്പെടുത്തി.

ആഭ്യന്തരമന്ത്രാലയവും ഇടതുസർക്കാരും ആരുടെ ഭാഗത്താണ് എന്നുള്ളതിന് ഏറ്റവും വലിയ തെളിവാണ് ഇത്. സംസ്ഥാനത്തെ ഗുണ്ടാവിളയാട്ടത്തെ സംബന്ധിച്ച് മുഖ്യമന്ത്രി തികഞ്ഞ മൗനമാണ് അവലംബിക്കുന്നത്. ആഭ്യന്തര മന്ത്രിയുടെ പ്രവർത്തനം കാര്യക്ഷമമാണോ അല്ലയോ എന്ന് അദ്ദേഹം വ്യക്തമാക്കണം. ഇപ്പോൾ തുടരുന്ന ഈ മൗനം ജനാധിപത്യത്തിനെതിരായ വെല്ലുവിളിയാണ്.

പോലീസ് തയ്യാറാക്കിയ ഗുണ്ടാലിസ്റ്റ് പരിശോധിക്കുകയാണെങ്കിൽ അതിൽ ബഹുഭൂരിപക്ഷത്തിനും സിപിഎമ്മുമായോ ആഭ്യന്തര മന്ത്രിയുമായോ ഉള്ള ബന്ധം വളരെ വ്യക്തമാണ്. ഈ ബന്ധമാണ് ഗുണ്ടാനിയമം നടപ്പാക്കിയിട്ടും സ്വൈരമായി വിഹരിക്കുവാൻ അവർക്ക് അവസരം ഒരുക്കുന്നത്.

ഇത്രയും രൂക്ഷമായതും ഗൗരവമേറിയതുമായ ആരോപണങ്ങൾക്ക് വിധേയനായ മറ്റൊരാഭ്യന്തര മന്ത്രിയും സംസ്ഥാനത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. പോലീസ് ഉദ്യോഗസ്ഥർക്കു പോലും അദ്ദേഹത്തിലുള്ള വിശ്വാസം നഷ്ടമായിരിക്കുന്നു. അതുകൊണ്ടു തന്നെ അവർക്ക് ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല.

സിപിഎമ്മിനും ഡിവൈഎഫ്ഐയ്ക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നുള്ള സ്ഥാനം ധാർമികമായി നഷ്ടമായിരിക്കുന്നു. ക്വട്ടേഷൻ-ഗുണ്ടാസംഘങ്ങൾക്ക് തുല്യമായിട്ട് ഈ ഇരുപ്രസ്ഥാനങ്ങളും അധ:പതിച്ചിരിക്കുന്നു. സിപിഎമ്മിന്റെ നേതാവായ പി.ജയരാജൻ പറഞ്ഞത് കേസിൽ പ്രതികളെ ശിക്ഷിക്കുന്നതിനായിട്ട് തെളിവുകൾ കൃത്രിമമായി സൃഷ്ടിക്കുമെന്നാണ്. സിപിഎം കാലാകാലങ്ങളായി പിന്തുടർന്ന് വന്ന ഭരണഘടനാവിരുദ്ധവും നിയമവാഴ്ചയെ തകിടം മറിക്കുന്നതുമായ വഞ്ചനയാണ് ഈ പ്രസ്താവനയിലൂടെ പുറത്തുവന്നിരിക്കുന്നത്.

ഈ സർക്കാരിലും ഈ മന്ത്രിമാരിലും ഉള്ള വിശ്വാസം സാമാന്യജനത്തിന് പൂർണമായും നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ മന്ത്രിസഭ പിരിച്ചുവിട്ട് ജനവിധി തേടാൻ മുഖ്യമന്ത്രി തയ്യാറാവണമെന്നും ജോബ് മൈക്കിൾ ആവശ്യപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്.തോമസ് എംഎൽഎ, അഡ്വ.തോമസ് ഉണ്ണിയാടൻ എംഎൽഎ, റോഷി അഗസ്റ്റിൻ എംഎൽഎ, ജോസഫ് എം.പുതുശ്ശേരി എംഎൽഎ, കൊട്ടാരക്കര പൊന്നച്ചൻ, ബെന്നി കക്കാട്, സഹായദാസ് നാടാർ, അഡ്വ.മുഹമ്മദ് ഇക്ബാൽ, സി.ആർ.സുനു, ഉഷാലയം ശിവരാജൻ, വർക്കല സജീവ്, അഡ്വ.രഞ്ജിത്ത് തോമസ്, ആയൂർ ബിജു, ബിജു പൂന്തോട്ടം, സാജൻ കുന്നത്ത്, നസീർ സലാം, സുമേഷ് ആൻഡ്രൂസ്, സാജൻ തൊടുക, റെജി കുന്നംകോട്, മജ്നു എം. രാജൻ, പ്രദീപ് കൂട്ടാല, ബിജു ആന്റണി, വി.ആർ.രാജേഷ്, ജോബിച്ചൻ മൈലാടൂർ, സിബി വാഴക്കാലായിൽ, തോമസ് കുട്ടി വട്ടേക്കാട്, ഡി.ശാന്തകുമാർ, പത്മകുമാർ പാറശ്ശാല എന്നിവർ പ്രസംഗിച്ചു.

## മാത്യു ആനിത്തോട്ടം റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഡയറക്ടർ



എ.എം.മാത്യു ആനിത്തോട്ടം കേരളാ സ്റ്റേറ്റ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ടു.

ചങ്ങനാശ്ശേരി സഹകരണ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ഡയറക്ടർ, കങ്ങഴ സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയംഗം, ചങ്ങനാശ്ശേരി താലൂക്ക് സഹകരണ സർക്കിൾ യൂണിയൻ മെമ്പർ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചുവരുന്നു.

കേരളാ കോൺഗ്രസ് (എം) മുൻ വാഴൂർ നിയോജകമണ്ഡലം പ്രസിഡണ്ടും കങ്ങഴ സർവീസ് സഹകരണ ബാങ്ക് മുൻ പ്രസിഡണ്ടും കൂടിയാണ് എ.എം.മാത്യു ആനിത്തോട്ടം.

UNION BANK OF INDIA
Kumaramangalam
- Gold loan is available on all days
- ATM card is issued on all accounts
- Zero balance, No frill accounts

Branch Manager
UBI

SB TECH
KUMARAMANGALAM
Thodupuzha
SSI No: 32 009 11 00167
Manufactures of Gate, Grill, struss work, Rubber Roler etc
Prop: Sathyan M.A.
Babu T.
Mob: 9995444990
9961711915

AL-AZHAR GROUP OF INSTITUTIONS
(Run by Noorul Islam Trust)
Perumpillichira P.O.
Thodupuzha
Kerala - 685 605

കുഴികണ്ണിയിൽ
റബ്ബർ നേഴ്സറി
പള്ളിപീടിക – തൊടുപുഴ
(അടിമാലി റോഡ് 1 കി.മി.)
ബ്രാഞ്ച് : വെങ്ങല്ലൂർ (പുതിയ പാലത്തിന് സമീപം)
പ്രൊപ്രൈ: ജോണി ജോസഫ്
ഫോൺ: 9349151697

ഫ്ളാഷ്ബാക്ക്

തേക്കിൻകാട് ജോസഫ്

# ഗ്രൗണ്ട് സീറോ!

ഒരു നഷ്ട സംരംഭത്തിന്റെ കഥയാണ് ഓരോ വർഷവും ഓണനാളുകളിൽ ഓർമവരിക. ഇതിലെ കഥാപാത്രങ്ങൾ, കഥാകൃത്തും പനോരമ വിഷന്റെ മാനേജിംഗ് ഡയറക്ടറുമായ സതീഷ് ബാബു പയ്യന്നൂർ, ഏറ്റവും നല്ല ഛായാഗ്രാഹകനുള്ള സംസ്ഥാന അവാർഡു നേടിയ ജി. ശ്രീകുമാർ, പിന്നെ ഈ ലേഖകനും.

സതീഷ് ബാബു പയ്യന്നൂർ വളരെ വിജയകരമായി ഗൾഫ് നാടുകളിലെ പ്രശസ്തരായ മലയാളികളെ കേന്ദ്രീകരിച്ച് 'ഗൾഫ് സ്കെച്ചുകൾ' എന്നൊരു പരമ്പര ചെയ്ത് ഏഷ്യാനെറ്റിൽ സംപ്രേഷണം ചെയ്തു പരിചയം നേടിയിട്ടുണ്ട്. നിരവധി സിനിമകൾക്കും സീരിയലുകൾക്കും ക്യാമറാ വർക്കുകൾ ചെയ്തു പരിചയസമ്പന്നത കൈമുതലായുള്ള കലാകാരനാണ് ജി.ശ്രീകുമാർ.

ഞങ്ങൾ മൂന്നാളും ചേർന്ന് 'ഗൾഫ് സ്കെച്ചുകളുടെ' മാതൃകയിൽ 'യൂറോപ്യൻ സ്കെച്ചുകൾ' എന്നൊരു പരമ്പര ചെയ്യാൻ തീരുമാനമെടുക്കുന്നു. വൈകാതെ അതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. സ്വിറ്റ്സർലണ്ട്, പിന്നെ ജർമനി, ഇറ്റലി ഇങ്ങനെ പല യൂറോപ്യൻ രാജ്യങ്ങളിലും ചെന്ന് നേരിട്ടു ഷൂട്ടു ചെയ്യാനാണ് പ്ലാൻ തയ്യാറാക്കിയത്.

ഞാൻ സ്വിറ്റ്സർലണ്ടിൽ ഇതിനുമുമ്പ് രണ്ടുതവണ പോയിട്ടുണ്ട്. രണ്ടു പ്രാവശ്യവും വിന്റർ സീസണിലായിരുന്നു യാത്ര. അതുകൊണ്ട് മഞ്ഞുമൂടിയ സ്വിറ്റ്സർലണ്ടാണ് മനസ്സിൽ പതിഞ്ഞ ചിത്രം. ഇപ്രാവശ്യം സെപ്റ്റംബറിലാണ് യാത്ര. പൂത്തുലഞ്ഞ സ്വിറ്റ്സർലണ്ട് കാണാം. ഒപ്പം അതിന്റെ മനോഹാരിത ഷൂട്ടുചെയ്യുകയുമാവാം.

സ്വിറ്റ്സർലണ്ടിലെ പല പഴയ സുഹൃത്തുക്കളെയും വിളിച്ച് ഷൂട്ടിനായി ചെല്ലുന്ന വിവരം പറഞ്ഞു. എല്ലാവർക്കും സന്തോഷം. വേണ്ട സഹായം ചെയ്യും. പ്രവാസി കവിയും സീരിയൽ നിർമാതാവും എന്റെ സുഹൃത്തുമായ ബേബി കാക്കശ്ശേരിയെ വിളിച്ചപ്പോൾ ബേസ് ക്യാമ്പായി അദ്ദേഹത്തിന്റെ വില്ല ഉപയോഗിക്കാമെന്ന് അറിയിക്കുകയും ചെയ്തു.

ഞങ്ങൾക്ക് ഉത്സാഹമായി. വീണ്ടും സ്വിറ്റ്സർലണ്ടിന്റെ പല ഭാഗങ്ങളിലേക്കും ടെലിഫോൺ കോളുകൾ പോയി. മിക്കവരും സഹകരണം വാഗ്ദാനം ചെയ്തു.

ഇതിനിടയിൽ ബേബിച്ചേട്ടന്റെ ഫോൺ. ഈ ദിവസങ്ങളിൽ അവരുടെ മലയാളി സമാജത്തിന്റെ ഓണാഘോഷമുണ്ട്. അതിന്റെ ഉദ്ഘാടനം കൂടി നിർവഹിക്കണം.



*വേൾഡ് ട്രേഡ് സെന്റർ തലയുയർത്തി നിന്ന ഗ്രൗണ്ട് സീറോ*

ബേബിചേട്ടൻ പ്രസിഡണ്ടാണ്. ഞാനുടനെ സമ്മതം മൂളി. ജർമനിയിലെ അനുഭവം ഉണ്ടല്ലോ. അതുകൊണ്ട് കാര്യം എളുപ്പമാകും. അപ്പോൾ ബേബിചേട്ടൻ ഒന്നു കൂടി അറിയിച്ചു.

"പ്രസംഗമൊന്നും വേണ്ട. ഓണസദ്യയൊക്കെ കഴിഞ്ഞ് കലാപരിപാടികൾക്കു മുൻപായി ഒരു തിരികൊളുത്തിയാൽ മതി. നേരം വെളുക്കുന്നതുവരെ കുട്ടികളുടെ (മുതിർന്നവരുടെയും) കലാപരിപാടികളുണ്ട്."

വളരെ സന്തോഷം!

പിന്നീട് പോകാനുള്ള ഒരുക്കങ്ങളായി. ക്യാമറ ബുക്കു ചെയ്തു. ദിവസം ആയിരം രൂപ വാടക. 15 ദിവസത്തേക്കാണ് വേണ്ടത്.

ഇതിനിടയിൽ മറ്റു ചില മലയാളി സമാജങ്ങളും വിവരമറിഞ്ഞു. അതിലൊരു ഗ്രൂപ്പിന് അവരുടെ ഓണാഘോഷപരിപാടികൾ മുഴുവൻ ഷൂട്ടുചെയ്യണം. കേരളത്തിൽ കൊണ്ടുവന്ന് ഏതെങ്കിലും ചാനലിൽ കാണുകയും വേണം. അവരുടെ ആരോടോ ഉള്ള ഒരു വാശിയാണ്. മലയാളി സമാജങ്ങൾ തമ്മിലുള്ള മത്സരം വിദേശ മലയാളികൾക്കിടയിൽ പതിവാണ്. ഞങ്ങളുടെ വിമാനടിക്കറ്റിന്റെ തുക അവർ നല്കും.

കൊള്ളാം നല്ല കാര്യം. ഞങ്ങളാലോചിച്ചു. ക്യാമറായും ക്യാമറാമാനും ഉണ്ട്. ഷൂട്ട് ചെയ്യാൻ ബുദ്ധിമുട്ടില്ല. സതീഷ്ബാബുവിന്റെ സ്റ്റുഡിയോയിൽ എഡിറ്റു ചെയ്യാം. പിന്നെ സംപ്രേഷണം. സതീഷ് ബാബു സൂര്യ ടിവിക്കുവേണ്ടി അന്ന് 'പുലർകാലം' എന്ന പേരിൽ ഒരു 'ബ്രേക്ഫാസ്റ്റ് ഷോ' ചെയ്യുന്നുണ്ട്. അതിനിടയിൽ പ്രവാസി മലയാളികളുടെ ഓണാഘോഷം എന്ന ഹെഡിൽ ഈ പ്രോഗ്രാം കയറ്റിവിടാൻ ബുദ്ധിമുട്ടില്ല. ടിക്കറ്റിനുള്ള പണം കണ്ടെത്തേണ്ട വൈഷമ്യം തീർന്നു. ഇനി ക്യാമറാ വാടകയ്ക്കും അത്യാവശ്യ ചെലവുകൾക്കുമുള്ള പണം കണ്ടെത്തിയാൽ മതി. സംഗതി ഉഷാർ!

സെപ്റ്റംബർ ഒന്നിനാണ് അവരുടെ ഓണാഘോഷം. 30ന് പുറപ്പെടൽ. ഞങ്ങൾ അവിടെ സമയത്തെത്തും. വിമാനടിക്കറ്റിനുള്ള അന്വേഷണമായി. ടിക്കറ്റ് കിട്ടുമെന്ന് ഏജൻസി അറിയിച്ചു. ഞങ്ങൾ മറ്റുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. പുറപ്പെടുന്നതിനു മൂന്നുദിവസം മുൻപ് ഏജൻസി വിളിച്ചു പറയുന്നു. ഒരു വിമാനസർവീസിലും 30ന് ടിക്കറ്റില്ല. 31ന് ടിക്കറ്റ് കിട്ടിയിട്ടുണ്ട്. ആകെ പരിഭ്രമമായി. ഏജൻസിമാറി അന്വേഷണമായി.

ഒരിടത്തും ടിക്കറ്റില്ല. ഈ ജനമെല്ലാം 30ന് എവിടെ പോകുകയാണ്? ഞങ്ങൾ ഞങ്ങളെത്തന്നെ ശപിച്ചു. പോകാൻ കണ്ട ഒരു ദിവസം. 30നു ടിക്കറ്റു കിട്ടില്ല എന്നുറപ്പായി. ഏതായാലും പോകാൻ തന്നെ തീരുമാനിച്ചു. ലുഫ്താൻസയാണ് വിമാനം. ബോംബെ വഴിയാണ് യാത്ര. ഞങ്ങൾ 31ന് ബോംബെയിലെത്തി. സെപ്റ്റംബർ ഒന്നിന് രാത്രി അവിടെനിന്നും ജനീവയ്ക്കു വിമാനം കയറി. അവിടെനിന്നും സൂറിച്ചിലേക്ക്.

**എല്ലാം പായ്ക്കപ്പ് ചെയ്ത് സൂറിച്ചിലെ ഒരു മലയാളി സുഹൃത്തിന്റെ വീട്ടിൽ വിശ്രമിക്കുമ്പോഴാണ് സെപ്റ്റംബർ 11ന്റെ ദുരന്തം ടിവിയിൽ കാണുന്നത്. മണിക്കൂറുകൾക്കകം വേൾഡ് ട്രേഡ് സെന്റർ 'ഗ്രൗണ്ട് സീറോ' ആയി മാറിയ ദുരന്തം. ബിൻ ലാദന്റെ ദുർബുദ്ധിയിൽ നിന്നു ഞങ്ങളെ ഒഴിവാക്കിയതിൽ ദൈവത്തിനു നന്ദി പറഞ്ഞു, അപ്പോൾ.**

ബേബിചേട്ടൻ കാറുമായി എത്തിയിട്ടുണ്ട്.

ഞങ്ങൾ സൂറിച്ചിലും ജനീവയിലും ലെയ്ച്ചെൻസ്റ്റണിലും ബാസലിലുമായി നിരവധി വിദേശമലയാളികളെ ഇന്റർവ്യൂ ചെയ്തു. പ്രകൃതിദൃശ്യങ്ങൾ പകർത്തി. ചരിത്രപ്രാധാന്യമുള്ള നഗരങ്ങളുടെ മനോഹാരിത ഒപ്പിയെടുത്തു.

അവസാനം ബേബിച്ചേട്ടന്റെ മലയാളി സമാജത്തിന്റെ ഓണാഘോഷത്തിനു തിരികൊളുത്തി. ആ കുട്ടികളുടെ കലാപരിപാടികളും ഷൂട്ടുചെയ്തു.

എല്ലാം പായ്ക്കപ്പ് ചെയ്ത് സൂറിച്ചിലെ ഒരു മലയാളി സുഹൃത്തിന്റെ വീട്ടിൽ വിശ്രമിക്കുമ്പോഴാണ് സെപ്റ്റംബർ 11ന്റെ ദുരന്തം ടിവിയിൽ കാണുന്നത്. മണിക്കൂറുകൾക്കകം വേൾഡ് ട്രേഡ് സെന്റർ 'ഗ്രൗണ്ട് സീറോ' ആയി മാറിയ ദുരന്തം. ബിൻ ലാദന്റെ ദുർബുദ്ധിയിൽ നിന്നു ഞങ്ങളെ ഒഴിവാക്കിയതിൽ ദൈവത്തിനു നന്ദി പറഞ്ഞു, അപ്പോൾ.

സെപ്റ്റംബർ 17ന് തിരികെ വിമാനം കയറുമ്പോൾ തിരക്കില്ല. അൽഖയ്ദയെ എല്ലാവരും ഭയപ്പെട്ടിരിക്കണം. പിറന്ന നാട്ടിലേക്കുള്ള യാത്രപോലും മലയാളി മറന്ന ദിനങ്ങൾ.

ഞങ്ങളുടെ തുടക്കം അങ്ങനെ അലങ്കോലമായി. ഇപ്പോഴും 'യൂറോപ്യൻ സ്കെച്ചുകൾ' കാസറ്റിൽ വിശ്രമിക്കുന്നു. എങ്കിലും ദൈവമേ, അങ്ങേക്കു സ്തുതി! സുരക്ഷിതമായി നാട്ടിലെത്തിച്ചതിന്.

>> 9

# ഇ–ലേണിംഗും മൂന്നാം തരംഗവും

പണവും വിഭവവും പരസ്പരബന്ധിതമാണ്. വിഭവസമൃദ്ധിയില്ലാത്തിടത്ത് പണം പെരുകിയാൽ സാമ്പത്തികത്തകർച്ചയേ ഉണ്ടാവൂ എന്ന് സാമാന്യജനങ്ങൾ ഗ്രഹിക്കാതിരുന്നതിനാൽക്കൂടിയാണ് വികസിത രാജ്യങ്ങൾ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽപെട്ടിരിക്കുന്നത്.

ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനായി മുതലാളിത്തരാജ്യങ്ങളിലെ ഭരണകൂടങ്ങൾ മറുനാട്ടുകാരെ അവരവരുടെ നാട്ടിലേക്കു തിരിച്ചുവിടാൻ നിർബന്ധിതരായിരിക്കുന്നു. ഒപ്പം അവർ മറ്റു ചില പ്രതിസന്ധികൾകൂടി അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നു. അതിലൊന്നാണ് വിദ്യാഭ്യാസമേഖലയിൽ ആ രാജ്യങ്ങളിലുണ്ടായിട്ടുള്ള അധ്യാപകദാരിദ്ര്യം. അതു പരിഹരിക്കാൻ അവർ ഒരു സംവിധാനം കണ്ടെത്തിക്കഴിഞ്ഞു. അതാണ് ഏതു രാജ്യത്തുള്ളവർക്കും ഇന്റർനെറ്റ് വഴി അവരവരുടെ വീട്ടിലിരുന്ന് വികസിതരാജ്യങ്ങളിലെ കുട്ടികളെ പഠിപ്പിക്കാൻ അവസരം നല്കുന്ന ഇ-ലേണിങ്ങും ഇ-ടീച്ചിങ്ങും.

നമ്മുടെ നാട്ടിൽ വിദ്യാഭ്യാസമേഖലയിൽ പഠനം പാൽപ്പായസമാക്കുക എന്നൊരു കാഴ്ചപ്പാടു വികസിച്ചുവന്നിട്ടുണ്ട്. അതിന്റെ പ്രചാരകർ, എന്നാൽ ഇനിയും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലാത്ത ഒരു മേഖലയാണ് മൾട്ടി മീഡിയ. പഠനം മധുരതരമാക്കാൻ ഏറ്റവും സഹായകമായ ഒരു സംവിധാനമാണ്



മൾട്ടി മീഡിയയുടെയും ഇന്റർനെറ്റിന്റെയും വികാസത്തോടെ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്. ഉദാഹരണത്തിന് ഗാന്ധി സിനിമയെ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രവും ഇംഗ്ലീഷു ഭാഷയും പഠിക്കാൻ സഹായകമാകുംവിധം ഉപയോഗിക്കാൻ കഴിയും.

നമ്മുടെ നാട്ടിലെ വിദ്യാർഥികളുടെ കാര്യത്തിൽ സ്പോക്കൺ ഇംഗ്ലീഷും മറ്റും കൂടുതൽ നല്ല രീതിയിൽ പഠിക്കാൻ ഇന്റർനെറ്റിലെ ഓർക്കൂട്ടും വോയ്സ് ചാറ്റിങ്ങും ഒക്കെ ഉപയോഗിക്കാനാവും. ഇന്റർനെറ്റിലൂടെ ലഭ്യമാകുന്ന ഏറ്റവും പുതിയ അറിവുകൾ നമ്മുടെ കുട്ടികളിലെത്തിക്കാൻ കഴിയും. ഇവയൊക്കെ കാര്യക്ഷമമായി ഉപയോഗിക്കാൻ പഠിച്ചാൽ ഇവിടെയിരുന്നുകൊണ്ട് വിദേശരാജ്യങ്ങളിലെ വിദ്യാർഥികൾക്കുവരെ ട്യൂഷൻ ക്ലാസ്സുകളെടുക്കാൻ നമ്മുടെ അധ്യാപകർക്കു കഴിയും. ഇതിനൊക്കെ ആവശ്യമായ പരിശീലനം അധ്യാപകർക്കും വിദ്യാർഥികൾക്കും ലഭ്യമാക്കുന്നതുമൂലം നമ്മുടെ വിദ്യാർഥികളെ ലോകോത്തര നിലവാരമുള്ളവരാക്കുവാനാവും എന്നകാര്യം പക്ഷേ, നാം ശ്രദ്ധിച്ചിട്ടേയില്ല.

എന്നാൽ വിദേശരാജ്യങ്ങളിലെ വിദ്യാർഥികൾ ഇ-ട്യൂഷൻ എടുക്കുന്നവർക്ക് ഒരു മണിക്കൂറിന് 5 ഡോളർ മുതൽ 20 ഡോളർ വരെ പ്രതിഫലം നല്കുന്നുണ്ട് എന്നും ഈ വർഷംതന്നെ 25000 കോടി രൂപാ ഇതിനായി ചെലവഴിക്കപ്പെടുമെന്നും മനസ്സിലാക്കുന്ന അധ്യാപകർ ഇ-ടീച്ചിങ്ങിനെപ്പറ്റി പഠിക്കാൻ സ്വയം താത്പര്യം കാണിക്കാനിടയുണ്ട്.

മികച്ച അധ്യാപനശേഷിയുള്ളവർ ഏറ്റവുമധികമുള്ള ഒരു പ്രദേശമാണ് കേരളം. ഏതു വിഷയത്തെപ്പറ്റിയുമുള്ള ഏറ്റവും പുതിയ വിവരങ്ങളുപയോഗിച്ച് പഠിക്കാനും പഠിപ്പിക്കാനും സഹായിക്കുന്ന എന്തെല്ലാം സംവിധാനങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണെന്ന വ്യക്തമായ ധാരണയും അവ വേഗം കണ്ടെത്താനും ഉപയോഗിക്കാനുമുള്ള പരിശീലനവും ലഭിച്ചിട്ടുള്ള അധ്യാപകരെയാണ് ഇ-ടീച്ചിങ്ങ് മേഖലയിൽ ആവശ്യമുള്ളത്. ഇവ നേടാൻ അഭ്യസ്തവിദ്യർക്ക് ഒന്നോ രണ്ടോ മാസം മതിയാവും. പലർക്കും ഒന്നുത്സാഹിച്ചാൽ ഒന്നിലധികം പേരെ ഒരേസമയത്തു പഠിപ്പിക്കാനാവും എന്നതിനാൽ മറുനാടുകളിൽനിന്ന് തിരിച്ചുവരുന്നതിന്റെ പേരിൽ നമ്മുടെ നാട്ടിൽ വലിയ സാമ്പത്തിക പ്രതിസന്ധിയൊന്നും ഉണ്ടാകാതെ നോക്കാൻ നമുക്കാവും.

ഇ-ടീച്ചിങ്ങ് പരിശീലനം നേടാനും കമ്പ്യൂട്ടർ വാങ്ങാനും ഇന്റർനെറ്റ് കണക്ഷനെടുക്കാനുമായി ഹ്രസ്വകാലവായ്പകൾ ലഭ്യമാക്കിയാൽ ഏതാനും മാസങ്ങൾക്കകം അതു വീട്ടാവുന്നതേയുള്ളു.

CYAN MAGENTA YELLOW BLACK

നാരദൻ

# പതിമൂന്നാം പേജ്

## ചെലവും ചെലവുചുരുക്കലും

ചെലവുചുരുക്കണമെന്ന പല്ലവി ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ചെലവു തുടങ്ങിയതെന്നോ അന്നു തന്നെ ചെലവു ചുരുക്കലും തുടങ്ങിവച്ചു എന്നു പറയാം. രണ്ടും രണ്ടുവഴിക്ക് നിർബാധം തുടർന്നുകൊണ്ടിരിക്കുന്നു, ഇപ്പോഴും.

എന്താണ് ചെലവുചുരുക്കലിന്റെ തത്ത്വശാസ്ത്രം? പണം ആവശ്യത്തിനുമാത്രം ഉപയോഗിക്കുക. അത്യാവശ്യത്തിന് മാത്രമെന്നൊരു പാഠഭേദവുമുണ്ട്. ഇവിടെ ആവശ്യവും അത്യാവശ്യവുമൊക്കെ ആരു തീരുമാനിക്കുമെന്നത് വേറൊരു ചോദ്യം?

കേൾക്കാൻ കൊള്ളാവുന്ന മറ്റൊരു നിർവചനം വരവനുസരിച്ച് ചെലവു ചെയ്യുക എന്നതാണ്, തരക്കേടില്ലാത്ത ഫോർമുല. കുറുക്കുവഴിയെങ്കിലും കണ്ടെത്തി പണം ഉണ്ടാക്കാൻ എല്ലാവരും നെട്ടോട്ടമോടുന്നു. വെട്ടോ കുത്തോ മോഷണമോ വാണിഭമോ എന്തുതന്നെയായാലും വേണ്ടില്ല, ഏതുമാർഗേനയും പണമുണ്ടാക്കുകയാണ് ലക്ഷ്യം. ചെയ്യുന്ന പണി വൃത്തികെട്ടതാണെങ്കിലും അനങ്ങാ കള്ളന്മാരെന്നോ കള്ളികളെന്നോ അവരെ വിളിക്കാനൊക്കില്ല.

മറ്റൊരു കൂട്ടരുണ്ട്. ആഡംബര സമന്വിതമായ ജീവിതമാണ് ലക്ഷ്യം. പക്ഷേ, മെയ്യനങ്ങാനൊക്കില്ല. വിലകൂടിയ വസ്ത്രങ്ങളും വാഹനങ്ങളും ആഭരണങ്ങളും അവരുടെ സ്വപ്നങ്ങൾക്ക് കൂട്ടുപോകുന്നു. എത്ര കടം മേടിച്ചാണെങ്കിലും 'മാന്യമായി' കഴിയണമെന്നേയുള്ളൂ, അവർക്ക്. കണ്ടാൽ മാന്യനാണ്, കടം മേടിച്ചാൽ തിരിച്ചുതരില്ല എന്ന് പ്രസിദ്ധവചനമുണ്ടായത് ഇവർ വഴിയാണ്. ഇനിയും ചിലർ പണം ഇട്ടുമൂടാനുണ്ടെങ്കിലും തീരെ ചെലവഴിക്കാത്തവരാണ്. ഇവരെ ഏവരും ലുബ്ധൻ എന്ന് വിളിച്ചാക്ഷേപിക്കുന്നു. ലുബ്ധനെ കളിയാക്കുന്ന കാര്യത്തിൽ മുതലാളിയും തൊഴിലാളിയും ഒരുമിച്ചു നില്ക്കും.



വാസ്തവം പറഞ്ഞാൽ ഒന്നാന്തരം മുതലാളിമാരാണ് പല ലുബ്ധന്മാരും. പക്ഷേ, സമൂഹം ഒന്നു വക വെച്ചിട്ടുവേണ്ടേ? മുതലാളിയെന്ന പേരു കേൾപ്പിക്കണമെങ്കിൽ ചിലവു ചെയ്യണം. അല്പം കള്ളും വെള്ളവുമൊക്കെ ശിങ്കിടികൾക്കെങ്കിലും മേടിച്ചുകൊടുക്കണമെന്നു ചുരുക്കം. ഈ ശിങ്കിടികൾ ഉണ്ടാകുന്നതു തന്നെ ഇങ്ങനെയാണ്.

സൂക്ഷ്മമായി വിലയിരുത്തിയാൽ മനസ്സിലാകും, പണുണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി, ചെലവു ചെയ്യലും ചുരുക്കലും ഒരു ജന്മവാസനയാണ്. ദാനം ചെയ്താരും നശിച്ചിട്ടില്ലായിരിക്കും. എങ്കിലും തിന്നുമുടിഞ്ഞവരും കുടിച്ചു മുടിഞ്ഞവരും ധാരാളം. കണ്ടമാനം പണമുള്ള മുതലാളിമാരൊക്കെ കുറെ ധനം പാവങ്ങൾക്ക് കൊടുക്കട്ടെ എന്നാണ് നമ്മുടെ സിന്ധുജോയിയൊക്കെ നിർദ്ദേശിക്കുന്നത്. പിണറായി വിജയൻ കേട്ടോ എന്തോ? ◈

## അഴിമതി പഠിക്കാൻ ഇനി എന്തെളുപ്പം!

ഇതു ലിസ്റ്റിന്റെ കാലമാണ്. ലിസ്റ്റു നോക്കിയാണു പൊതുവെ കാര്യങ്ങളെല്ലാം നാമിപ്പോൾ മനസ്സിലാക്കി വരുന്നത്. പലചരക്കുകടയായാലും ചായക്കടയായാലും ഇറച്ചിക്കടയായാലും അവിടെല്ലാം വിശദമായ ലിസ്റ്റുണ്ട്. ബിരുദധാരിക്കു ജോലി ഉടനെ കിട്ടിയില്ലെങ്കിലും വേണ്ടില്ല, ലിസ്റ്റിൽ ഒന്നു കയറിക്കൂടിയാൽ മാത്രം മതി. വോട്ടേഴ്സ് ലിസ്റ്റുമുതൽ വെയിറ്റിംഗ് ലിസ്റ്റുവരെ ലിസ്റ്റുകൾ പല തരം!

അല്പം ലിസ്റ്റില്ലാത്ത പ്രസ്ഥാനമോ സ്ഥാപനമോ ഇല്ലെന്നു പറയാം. ആശുപത്രികളിൽ ചെന്നാൽ രോഗികളുടെ ലിസ്റ്റ്. പള്ളിക്കൂടത്തിൽ ചെന്നാൽ പിള്ളേരുടെ ലിസ്റ്റ്, സാറന്മാരുടെ ലിസ്റ്റ്. വിവിധതരം ഓഫീസുകളിൽ ചെന്നാൽ വികലാംഗരുടെ ലിസ്റ്റ്, വിമുക്തഭടന്മാരുടെ ലിസ്റ്റ്, കർഷകത്തൊഴിലാളികളുടെ ലിസ്റ്റ്, മരിച്ചവരുടെ ലിസ്റ്റ്, ജനിച്ചവരുടെ ലിസ്റ്റ് തുടങ്ങി അന്തമില്ലാത്ത ലിസ്റ്റുകൾ. പോലീസ് സ്റ്റേഷനിൽ ചെന്നാൽ കള്ളന്മാരുടെ ലിസ്റ്റ്, ഗുണ്ടകളുടെ ലിസ്റ്റ്. ബന്ധപ്പെട്ട മന്ത്രിയോടു ചോദിച്ചാൽ കൊലപാതകികളുടെയും ബലാൽസംഗ വീരന്മാരുടെയും പെൺവാണിഭക്കാരുടെയുമൊക്കെ ലിസ്റ്റു വേറെയും തരും. ചുരുക്കിപ്പറഞ്ഞാൽ വിവരങ്ങളറിയാൻ ഒരു പാടുമില്ല.



പണത്തിന്റെ തൂക്കമനുസരിച്ച് ലിസ്റ്റുകളുടെ ഭംഗി കൂടും. വലിയ പഞ്ചനക്ഷത്ര ഹോട്ടലുകളിലും ഐസ്ക്രീം പാർലറുകളിലും മറ്റും ഭക്ഷണപദാർത്ഥങ്ങളുടെ ലിസ്റ്റ് ബഹുവർണക്കടലാസിലാണ്. ഇതൊക്കെയാണെങ്കിലും ഈ ലിസ്റ്റുകൾ ഉദ്ദേശിക്കുന്ന ഫലം ചെയ്യുന്നുണ്ടോയെന്നു സംശയിക്കണം. ആളായാലും സാധനമായാലും പലപ്പോഴും പേരേയുള്ളൂ ലിസ്റ്റിൽ, അനുഭവത്തിലില്ല. എന്നുതന്നെയുമല്ല ചില ലിസ്റ്റുകളൊക്കെ ഗുണത്തെക്കാൾ ദോഷമാണോ ചെയ്യുകയെന്നും സംശയിക്കണം.

ഈയിടെ ഗുണ്ടാലിസ്റ്റു പ്രസിദ്ധീകരിച്ചതായി കണ്ടു. ഇവരെ സൂക്ഷിച്ചോണേ എന്ന മുന്നറിയിപ്പാണോ അതോ ഇവരൊക്കെയാണു നമ്മുടെ പ്രിയപ്പെട്ട ഗുണ്ടകൾ എന്ന സന്ദേശമാണോ അധികാരികൾ ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നു വ്യക്തമല്ല. ഇപ്പോഴിതാ മലയാളികളടക്കമുള്ള 123 അഴിമതിക്കാരുടെ ലിസ്റ്റ് കേന്ദ്ര വിജിലൻസ് കമ്മീഷൻ പുറത്തു വിട്ടിരിക്കുന്നു. ഇവരുടെ പേരും സ്ഥാപനത്തിന്റെ പേരും പരസ്യമാക്കിയിരിക്കയാണ്. ഇവരിൽ നാലുപേർ ഐ.പി.എസുകാരാണ്. ഏഴുപേർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ ജോലി നോക്കുന്നവരും. ഇവർക്കെതിരേ കർശന നടപടിവരുമെന്നാണു ഭാഷ്യം. അതെന്തായാലും അടുത്തു കൂടിയാൽ അഴിമതിയുടെ വിദ്യകൾ ഇവരോടു പഠിക്കാം. റേറ്റ് അല്പം കൂടുമെന്നു മാത്രം. ◈

# മൊഴിയും മറുമൊഴിയും

ചാണക്യൻ

മാധ്യമങ്ങൾ സാമ്രാജ്യത്വശക്തികളുടെ കോടാലിക്കൈകളായിരിക്കയാണെന്നു പിണറായി വിജയൻ.

➢ **വൻമരമാണെന്നു പറഞ്ഞിട്ടു കാര്യമില്ല, കോടാലിക്കൈ കാണുമ്പോൾ വിറയ്ക്കുക സ്വാഭാവികം.**

* * * * *

പോൾവധം കോടിയേരി തിരക്കഥയെഴുതി ഐ.ജി .വിൻസൻ എം.പോൾ സംവിധാനം ചെയ്ത നാടകമാണെന്നു മഹിളാ മോർച്ച സംസ്ഥാന പ്രസിഡണ്ട് ശോഭാ സുരേന്ദ്രൻ.

➢ **ഇത്രയും പ്രതിഭകളുടെ കൈയൊപ്പുള്ള ഒരു നാടകം ഇതിനുമുമ്പിറങ്ങിയിട്ടുണ്ടോയെന്നു സംശയിക്കണം.**

* * * * *

പല പോലീസുകാരെയും സംസ്ഥാന സർക്കാരുകൾ ഫുട്ബോൾ പോലെ ഒരു പോസ്റ്റിൽ നിന്നു മറ്റൊരു പോസ്റ്റിലേക്കു തട്ടുകയാണെന്ന് ആഭ്യന്തരമന്ത്രി പി.ചിദംബരം.

➢ **ചുരുക്കിപ്പറഞ്ഞാൽ നൂറായിരം പ്രശ്നങ്ങളിൽപെട്ടുഴലുന്ന സംസ്ഥാന സർക്കാരുകളുടെ ആകെയുള്ള ഒരു വിനോദം പോലീസുകാരാണ്.**

* * * * *

വിലക്കയറ്റം പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ, തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടാൽ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സുരക്ഷ തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് തൊഴിലാളി സംഘടനകൾ ഒക്ടോബർ 28നു രാജ്യവ്യാപകമായി നടത്തുന്ന പ്രതിഷേധത്തിൽ ഐ.എൻ.ടി.യു.സിയും അണിചേരുന്നു.

*- പത്രവാർത്ത*

➢ **ഐ.എൻ.ടി.യു.സി നേതാക്കളെയും നയിക്കുന്നതു 'തൊഴിൽ പ്രശ്ന'മാണെന്നറിയുക.**

* * * * *

സിപിഎം പോളിറ്റ് ബ്യൂറോ അംഗങ്ങൾക്ക് അസുഖം വന്ന് ആശുപത്രിയിൽ പോകണമെങ്കിൽ മാധ്യമങ്ങളുടെ അനുവാദം വേണമെന്ന സ്ഥിതിവരുമെന്നു പാർട്ടി ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ പരിഹാസം.

*- പത്രറിപ്പോർട്ട്*

➢ **മാധ്യമങ്ങളെഴുതുന്നതു വായിച്ചാൽ പലർക്കും പനി പിടിക്കും എന്ന് കാരാട്ടു പറഞ്ഞില്ലല്ലോ, ഭാഗ്യം!**

* * * * *

സിപിഎം കാൽനടജാഥയിലേക്കു വിരണ്ടോടിക്കയറിയ എരുമയുടെ വെട്ടേറ്റ് വനിതാ പഞ്ചായത്തംഗത്തിനു പരിക്കേറ്റു.

*-പൊൻകുന്നം വാർത്ത*

➢ **ആക്രമണകാരി എരുമയാണെങ്കിലും ഇതിനു പിന്നിലും വല്ല 'വിഭാഗീയതയും' ഉണ്ടോന്നു പരിശോധിക്കണം.**

* * * * *

അറവുശാല പ്രവർത്തനം നിയമപ്രകാരമല്ലാതെ നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ ഹൈക്കോടതി ഉത്തരവിട്ടു.

*-പത്രറിപ്പോർട്ട്*

➢ **അറവുശാലയുടെ കാര്യമായതുകൊണ്ട് ഇതുപോലെ അറത്തുമുറിച്ചു പറഞ്ഞാലേ വല്ലതും നടക്കൂ.**

* * * * *

ഗുണ്ടാബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ചുള്ള റിപ്പോർട്ട് വിവരാവകാശപ്രകാരം നല്കാൻ സംസ്ഥാന സർക്കാർ വീണ്ടും വിസമ്മതിച്ചു.

*-പത്രറിപ്പോർട്ട്*

➢ **ഗുണ്ടാലിസ്റ്റു നാട്ടുകാർക്കും ഗുണ്ടാബന്ധമുള്ള ഏമാൻമാരുടെ ലിസ്റ്റ് മന്ത്രിക്കും വായിക്കാനുള്ളതാണെന്നറിയുക.**

# ഭാരതീയ ചിത്രകലയുടെ നവോദ്ധാരകൻ

# രാജാരവിവർമ (1848 - 1906)

അനുസ്മരണം

പ്രിൻസ് രാജ്

ഭാരതീയ ചിത്രകലയെ ജനകീയമാക്കുകയും ആധുനികവത്ക്കരിക്കുകയും ചെയ്ത ചിത്രകലാ ചക്രവർത്തിയാണ് രാജാരവിവർമ. പകരം വെയ്ക്കാൻ ഇല്ലാത്ത ആ അതുല്യ കലാകാരന്റെ സ്മരണ ഒരു നൂറ്റാണ്ടു പിന്നിട്ടശേഷവും ഒളിമങ്ങാതെ ജ്വലിച്ചുനില്ക്കുന്നു. യുവതലമുറകൾ പോലും ആ കലാസൃഷ്ടികൾക്കു മുന്നിൽ വിസ്മയം സ്ഫുരിക്കുന്ന കണ്ണുകളുമായി ആകർഷിക്കപ്പെട്ടുനില്ക്കുന്നു. ആ കലാവൈഭവം അത്യാധുനികതയുടെയും ശാസ്ത്രസാങ്കേതിക തികവിന്റെയും നുരഞ്ഞുപൊങ്ങുന്ന കാലഘട്ടത്തിലും ഏറെ ചർച്ച ചെയ്യപ്പെടുന്നു.

19-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ ചിത്രകല രാജകുടുംബാംഗങ്ങളുടെയും വരേണ്യവർഗത്തിന്റെയും ഒരുനേരമ്പോക്കായി മാത്രമാണ് ഗണിച്ചിരുന്നത്. അതിനാൽ തന്നെ സമൂഹത്തിന്റെ യഥാർത്ഥ അവസ്ഥകളോ സാധാരണക്കാരന്റെ ചിന്തയെ സ്വാധീനിക്കാൻ കഴിയുന്ന കാവ്യാത്മകതയോ അവയ്ക്ക് അന്യവുമായിരുന്നു. ഈ സാഹചര്യത്തിലാണ് രവിവർമയുടെ കടന്നുവരവ്.

കൊട്ടാരക്കെട്ടുകളുടെയും സവർണർക്കുമാത്രം പ്രവേശനം ഉണ്ടായിരുന്ന ക്ഷേത്രങ്ങളുടെയും നാലു ചുവരുകൾക്കുള്ളിൽ മാത്രം സ്ഥാനം പിടിച്ച ആ മഹനീയ കല ജനകോടികളിലേക്ക് സംക്രമിപ്പിക്കപ്പെട്ടു എന്നതായിരുന്നു രവിവർമയുടെ അഞ്ചുപതിറ്റാണ്ടിലേറെ നീണ്ട ചിത്രകലാ സപര്യയുടെ മഹത്വം.

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂരിൽ 1848 ഏപ്രിൽ 29 നു രവിവർമ ജനിച്ചു. കിളിമാനൂർ കൊട്ടാരത്തിലെ മകയിരം തിരുനാൾ ഉമാ അംബാബായിത്തമ്പുരാട്ടിയും കുന്നത്തുനാട് ഏഴുമാവിൽ നീലകണ്ഠൻ ഭട്ടതിരിപ്പാടുമായിരുന്നു മാതാപിതാക്കൾ. ചിത്രകാരൻ കൂടിയായ അമ്മാവൻ രാജരാജവർമയിൽ നിന്നാണ് രവിവർമ ചിത്രരചന പഠിച്ചത്.

1862ൽ രാജരാജവർമയ്ക്കൊപ്പം തിരുവനന്തപുരത്തെത്തിയ രവിവർമ ആയില്യം തിരുനാൾ മഹാരാജാവിനെ മുഖം കാണിച്ചു. മഹാരാജാവിന്റെ നിർദേശപ്രകാരം രവിവർമ ചിത്രകല കൂടുതൽ പരിശീലിക്കുന്നതിനായി കൊട്ടാരത്തിൽ താമസമാക്കി. അവിടത്തെ ഇറ്റാലിയൻ ശൈലിയിലെ ചിത്രങ്ങൾ രവിവർമയെ ഏറെ സ്വാധീനിച്ചു.





1866ൽ മാവേലിക്കര കൊട്ടാരത്തിലെ പൂരുരുട്ടാതി തിരുനാൾ തമ്പുരാട്ടിയെ രവിവർമ വിവാഹം കഴിച്ചു. 1868ൽ തിരുവനന്തപുരത്ത് കൊട്ടാരത്തിലെത്തിയ ഡച്ച് ചിത്രകാരനായ തിയഡോർ ജെൻസണിൽനിന്നും രവിവർമ പാശ്ചാത്യ ചിത്രമെഴുത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ഗ്രഹിച്ചു. അക്കാലത്ത് നമ്മുടെ നാട്ടിൽ ചിത്രങ്ങൾ വരച്ചിരുന്നത് ചെടികളിൽ നിന്നും പൂക്കളിൽനിന്നും മറ്റും വേർതിരിച്ചെടുക്കുന്ന പ്രകൃതിദത്ത ചായങ്ങൾ ഉപയോഗിച്ചായിരുന്നു. പൊതുവിൽ തെളിമ ഇവയ്ക്ക് കുറവുമായിരുന്നു. പാശ്ചാത്യരാകട്ടെ എണ്ണച്ചായമാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് രവിവർമയും എണ്ണച്ചായങ്ങൾ ഉപയോഗിക്കുക പതിവാക്കി. പുതിയ ശൈലിയിലുള്ള ചിത്രരചന മഹാരാജാവിനെയും മറ്റും ഏറെ ആകർഷിച്ചു.





പിന്നീട് തിരുവിതാംകൂർ ദിവാനായ സർ ടി.മാധവറാവു രവിവർമയുടെ പരിചയക്കാരനായിരുന്നു. 1880ൽ മാധവറാവു ബറോഡ മഹാരാജാവിന്റെ ഉപദേഷ്ടാവായി സേവനമനുഷ്ഠിക്കെ തിരുവനന്തപുരം സന്ദർശിച്ചു. ഈ സന്ദർഭത്തിൽ രാജകൊട്ടാരത്തിലേക്കായി അദ്ദേഹം രവിവർമയുടെ ചില ചിത്രങ്ങൾ വാങ്ങിക്കൊണ്ടുപോയി. 1881ൽ പുതിയ രാജാവിന്റെ സ്ഥാനാരോഹണ ചടങ്ങിലേക്ക് ക്ഷണിക്കപ്പെട്ട രവിവർമ നാലു മാസം ബറോഡയിൽ തങ്ങി. ഈ കാലഘട്ടത്തിൽ നിരവധി ചിത്രങ്ങൾ അദ്ദേഹം വരച്ചു.

1885ൽ മൈസൂർ മഹാരാജാവ് രവിവർമയെ ക്ഷണിച്ചുവരുത്തി ചിത്രങ്ങൾ വരപ്പിച്ചു. ഈ സന്ദർശനങ്ങൾ ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലും ഒരു ചിത്രകാരൻ എന്ന നിലയിൽ രവിവർമയെ ഏറെ പ്രശസ്തനാക്കി. 1893ൽ അമേരിക്കയിലെ ഷിക്കാഗോയിൽ നടന്ന ചരിത്രപ്രസിദ്ധമായ ലോക മതസമ്മേളനത്തിൽ രവിവർമയുടെ പത്തുചിത്രങ്ങൾ പ്രദർശിപ്പിച്ചു. ഇങ്ങനെ പ്രശസ്തിയുടെയും അംഗീകാരത്തിന്റെയും കൊടുമുടികൾ കയറുമ്പോഴും ഈ കലയെ ജനകീയവത്ക്കരിക്കണമെന്ന ചിന്തയാണ് അദ്ദേഹത്തെ നയിച്ചത്. അതിനാൽ ചിത്രങ്ങൾ അച്ചടിച്ച് വളരെ കുറഞ്ഞ വിലയിൽ എല്ലായിടത്തും ലഭ്യമാകുന്ന സാഹചര്യം ഉണ്ടാക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. 1894ൽ വിദേശനിർമിത മെഷീനുകളോടുകൂടിയ കളർ പ്രിന്റിംഗ് പ്രസ് മുംബൈയിൽ സ്ഥാപിച്ചു.

ഇന്ത്യയിലെ എല്ലാ ഭാഗത്തുനിന്നുള്ള രാജാക്കന്മാരിൽനിന്നും ബ്രിട്ടീഷുകാരായ ഉന്നത ഭരണാധികാരികളിൽനിന്നും രവിവർമയ്ക്ക് നിരന്തരം ക്ഷണം ലഭിച്ചുകൊണ്ടിരുന്നു. ഇത്തരത്തിൽ ക്ഷണം സ്വീകരിച്ചു ചെന്ന് വരച്ച ചിത്രങ്ങളെല്ലാം ലോകശ്രദ്ധ പിടിച്ചുപറ്റി.

1904ൽ ബ്രിട്ടീഷ് സർക്കാർ രവിവർമയെ 'കേസർ-ഇ-ഹിന്ദ്' എന്ന ബഹുമതി നല്കി ആദരിച്ചു. പിന്നീട് കിളിമാനൂരിലേക്ക് മടങ്ങിയെത്തിയ രവിവർമ തന്റെ ധന്യമായ കലാജീവിതം തിരക്കൊഴിയാതെ തുടർന്നു. 1906 ഒക്ടോബർ 2ന് ദേശാന്തരവും ഭാഷാന്തരവുമായ സ്വീകാര്യതയും ആദരവും നേടിയ ആ കലാചക്രവർത്തി നിറങ്ങളുടെ ലോകത്തോട് വിട പറഞ്ഞു. ◻

### രവിവർമയുടെ വിഖ്യാത ചിത്രങ്ങൾ

ഹംസദമയന്തി, സീതാസ്വയംവരം, സീതാപഹരണം, സീതാഭൂപ്രവേശം, ശ്രീരാമപട്ടാഭിഷേകം, വിശ്വാമിത്രനും മേനകയും, ശ്രീകൃഷ്ണജനനം, രാധാമാധവം, അർജുനനും സുഭദ്രയും, സ്നാനം കഴിഞ്ഞ സ്ത്രീ, നർത്തകി, വിദ്യാർത്ഥി, സരസ്വതി, വിരാടരാജധാനിയിലെ ദ്രൗപദി, ഇന്ത്യയിലെ സംഗീതജ്ഞർ, അച്ഛനിതാ വരുന്നു, ഉദയപ്പൂർ കൊട്ടാരം, ഭടൻ, ലക്ഷ്മി, യശോദയും കൃഷ്ണനും, കാദംബരി.

### 2002 നവംബർ 24ന് ഡൽഹിയിൽ ചിത്രപ്രദർശനത്തോടനുബന്ധിച്ചു നടന്ന ലേലത്തിൽ വിറ്റുപോയ രവിവർമയുടെ ചിത്രങ്ങളും തുകയും

| | |
|---|---|
| യശോദയും കൃഷ്ണനും | - 56 ലക്ഷം |
| ശകുന്തളയുടെ പ്രേമവീക്ഷണം | - 36 ലക്ഷം |
| കാദംബരി | - 21 ലക്ഷം |
| ലക്ഷ്മി | - 19 ലക്ഷം |
| സരസ്വതി | - 17 ലക്ഷം |

CYAN MAGENTA YELLOW BLACK




# ജരാസന്ധൻ വധിക്കപ്പെടുന്നു

സവ്യസാചി

അങ്ങനെയിരിക്കെ ഒരു നാൾ ചണ്ഡകൗശികൻ വീണ്ടും മഗധയിലെത്തി. ഭാര്യമാരോടും പുത്രനോടും കൂടി രാജാവു താപസനെ വരവേറ്റു. സത്ക്കാരങ്ങളിൽ സന്തുഷ്ടനായി ചണ്ഡകൗശികൻ പറഞ്ഞു: രാജാവേ, നിന്റെ പുത്രൻ മഹാബലവാനും പരാക്രമശാലിയുമായി ലോകം കീഴടക്കും. രാജാക്കന്മാർ മുഴുവൻ ഇവനു കീഴ്പ്പെടും. എതിർക്കുന്നവർ ഈയാംപാറ്റകൾ അഗ്നിയിലെന്നതുപോലെ എരിഞ്ഞു തീരും. ഇവൻ പരമശിവനെ തപസുചെയ്തു വലിയ വരങ്ങൾ വാങ്ങും. ഇവനെ ജയിക്കുക ആർക്കും എളുപ്പമായിരിക്കില്ല.

ഇങ്ങനെ പ്രവചിച്ചു ചണ്ഡകൗശികൻ യാത്രയായി. പ്രായപൂർത്തിയായപ്പോൾ ജരാസന്ധനെ രാജാവായി അഭിഷേകം ചെയ്തു ബൃഹദ്രഥൻ ഭാര്യമാരോടൊപ്പം കാട്ടിലേക്കു പോയി. അവിടെ ശിഷ്ടകാലം തപസ്സും ഉപവാസവും വ്രതാനുഷ്ഠാനങ്ങളുമായി കഴിച്ചുകൂട്ടി.

അങ്ങനെയിരിക്കെ ഒരു നാൾ മാതാപിതാക്കൾ വനത്തിൽ ജീവൻ വെടിഞ്ഞു സ്വർഗസ്ഥരായി എന്ന വാർത്ത ജരാസന്ധനെ തേടിയെത്തി. വിധിപ്രകാരമുള്ള മരണാനന്തരപ്രക്രിയകൾ മാതാപിതാക്കളുടെ സ്വർഗപ്രാപ്തിക്കുവേണ്ടി ചെയ്യാൻ അദ്ദേഹം മടികാണിച്ചില്ല.

ജരാസന്ധൻ പിന്നീട് പരമശിവനെ തപസ്സു ചെയ്തു സംപ്രീതനാക്കി വരങ്ങൾ വാങ്ങി. താൻ പൂർവാധികം ശക്തനായിരിക്കുന്നു എന്നറിഞ്ഞതോടെ അയാളിലെ അഹന്തയും സാമ്രാജ്യത്വമോഹവും ഫണമുയർത്തി. അയൽരാജ്യങ്ങളെ മുഴുവൻ ആക്രമിച്ചു കീഴടക്കി. രാജാക്കന്മാരെ ബന്ധിച്ചുകൊണ്ടുവന്നു തുറുങ്കിലടച്ചു.

ആയിടയ്ക്കാണു കംസവധം ഉണ്ടായത്. അതോടെ ജരാസന്ധന് ശ്രീകൃഷ്ണനോടു തീരാപകയുണ്ടായി. പലതവണ അയാൾ ദ്വാരകയെ അക്രമിച്ചു. വളരെ ദൂരെ നിന്നുതന്നെ ഗദചുഴറ്റിയെറിഞ്ഞു പോരാളികളെ വീഴ്ത്താൻ പ്രത്യേക വൈദഗ്ധ്യമുണ്ടായിരുന്നു ജരാസന്ധന്. അതയാൾ വിജയകരമായി വിനിയോഗിക്കുകയും ചെയ്തുപോന്നു.

ഇക്കഥകൾ പറഞ്ഞു കേൾപ്പിച്ചശേഷം ശ്രീകൃഷ്ണൻ യുധിഷ്ഠിരനോടു പറഞ്ഞു: ഞങ്ങൾ മൂവരും ചേർന്നു ജരാസന്ധനെ വധിക്കാം. അങ്ങേക്കു രാജസൂയം നടത്തുകയുമാവാം.

യുധിഷ്ഠിരൻ ഇക്കുറി തടസ്സമൊന്നും പറഞ്ഞില്ല. ശ്രീകൃഷ്ണൻ ഭീമാർജ്ജുനന്മാരെ കൂട്ടി മഗധയിലേക്കു തിരിച്ചു.

മഗധരാജധാനി സ്ഥിതിചെയ്യുന്നതു ഗിരിവ്രജത്തിലാണ്. ബ്രാഹ്മണവേഷം ധരിച്ചു യാത്രയായ അവർ മൂവരും മൂന്നാംനാൾ ഗിരിവ്രജത്തിലെത്തി. പ്രകൃതിമനോഹരമായ പ്രദേശം. സമൃദ്ധിനിറഞ്ഞ ഭൂഭാഗം. എങ്ങും പൂത്തുനില്ക്കുന്ന മരങ്ങൾ. നിറയെ കായ്കളും പഴവുമായി ചാഞ്ഞുകിടക്കുന്ന ഫലവൃക്ഷങ്ങൾ. ശുദ്ധജലപ്രവാഹങ്ങൾ. മേഞ്ഞു നടക്കുന്ന പശുക്കൂട്ടങ്ങൾ.

ചൈത പർവതത്തിന്റെ ശിഖരങ്ങൾ നിരപ്പാക്കിയാണു കൊട്ടാരം പണിതിരിക്കുന്നത്. ജരാസന്ധന്റെ പ്രതാപവും സമ്പൽസമൃദ്ധിയും വിളിച്ചോതുന്ന രത്നമയമായ കൊട്ടാരക്കെട്ടുകൾ ആരെയും അത്ഭുതസ്തബ്ധരാക്കും. കൊട്ടാരത്തിന്റെ കവാടത്തിൽ മൂന്നു പെരുമ്പറകൾ സ്ഥാപിച്ചിരുന്നു. കാളയുടെ രൂപമെടുത്ത മാംസാദവൃഷം എന്ന അസുരനെ വധിച്ച് അവന്റെ തോലുകൊണ്ട് ബൃഹദ്രഥൻ നിർമിച്ചതാണവ. ബ്രാഹ്മണവേഷധാരികളായ കൃഷ്ണ പാണ്ഡവന്മാർ തങ്ങളുടെ ആഗമനം അറിയിക്കാൻ പെരുമ്പറമുഴക്കി. അവരുടെ ശക്തമായ അടികളേറ്റു മൂന്നു പെരുമ്പറകളും തകർന്നുപോയി. ഗോപുരദ്വാരത്തിലുണ്ടായിരുന്നവർ അമ്പരന്നു. 'ഇവരെക്കണ്ടിട്ടു ജരാസന്ധന്റെ അന്തകന്മാരാണെന്നു തോന്നുന്നല്ലോ' എന്നു തമ്മിൽ തമ്മിൽ അടക്കം പറഞ്ഞു.

പെരുമ്പറനാദം കേട്ടു രാജാവ് അതിഥികളെ കൂട്ടികൊണ്ടുവരാൻ കല്പനയായി. ജരാസന്ധ മന്ദിരത്തിലെത്തിയ ശ്രീകൃഷ്ണാദികൾക്കു ഗംഭീരമായ വരവേല്പാണു ലഭിച്ചത്. ബ്രാഹ്മണവേഷത്തിലും അവർ മൂന്നുപേരും മഹാപരാക്രമികളും യുദ്ധവീരന്മാരുമായി തിളങ്ങിനിന്നു. ജരാസന്ധൻ അവരുടെ ആഗമനോദ്ദേശ്യം ആരാഞ്ഞു. അപ്പോൾ കൃഷ്ണൻ പറഞ്ഞു:

ക്ഷമിക്കണം രാജൻ. ഇവർ മൗനവ്രതത്തിലാണ്. അർധരാത്രിവരെ അതു തുടരും. അതു കഴിഞ്ഞാലേ അങ്ങയോട് സംസാരിക്കാൻ അവർക്കു കഴിയുകയുള്ളൂ. ജരാസന്ധന് അതു സമ്മതമായി. രാജഗൃഹത്തിൽ നിയമങ്ങൾ ചെയ്തു വസിക്കാൻ അവർക്കു സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തു.

പാതിരാത്രിയായപ്പോൾ ജരാസന്ധൻ വീണ്ടും അതിഥികൾക്കടുത്തെത്തി. ആചാരവന്ദനങ്ങൾ ചെയ്ത് ഉപവിഷ്ടരായിക്കഴിഞ്ഞപ്പോൾ ജരാസന്ധൻ പറഞ്ഞു: ബ്രാഹ്മണവേഷം ധരിച്ചെത്തിയ മഹാത്മാക്കളേ, സ്വാഗതം. സ്നാതകവ്രതരായ ബ്രാഹ്മണർ ഒരിക്കലും മാലകൾ ധരിക്കുകയും ചന്ദനം പൂശുകയും ചെയ്യാറില്ല. പക്ഷേ, നിങ്ങൾ അങ്ങനെ ചെയ്തിരിക്കുന്നു. മാത്രവുമല്ല നിങ്ങളുടെ കൈകളിലെ ഞാൺ തഴമ്പും നിങ്ങളുടെ നെഞ്ചുവിരിപ്പും നിങ്ങൾ ക്ഷത്രിയരാണെന്നു നിസ്സംശയം തെളിയിക്കുന്നു. ഒരു കൂസലുമില്ലാതെ നിങ്ങൾ എന്റെ കൊട്ടാരത്തിൽ കടന്നു. ശരിയായ വഴിക്കല്ല വന്നതും. വരും വഴി നിങ്ങൾ എന്റെ പെരുമ്പറകൾ തകർത്തു. പറയൂ, ആരാണു നിങ്ങൾ? എന്താണു നിങ്ങളുടെ ലക്ഷ്യം?-ജരാസന്ധൻ അക്ഷമനായി.

ഒരു ചെറുചിരിയോടെ ശ്രീകൃഷ്ണൻ പറഞ്ഞു: രാജാവേ, ഞങ്ങൾ സ്നാതക ബ്രാഹ്മണർ തന്നെ. ബ്രാഹ്മണരിലും ക്ഷത്രിയരിലും വൈശ്യരിലും സ്നാതകവ്രതക്കാരുണ്ട്. അക്കൂട്ടത്തിൽപ്പെടുന്നവരാണ് ഞങ്ങളും. ക്ഷത്രിയന്മാർക്ക് വീര്യം കൈകളിലാണ്. ധീരന്മാർ അവർക്കു തോന്നിയവഴി തെരഞ്ഞെടുക്കും. ശത്രു ഗൃഹത്തിൽ നേരായ മാർഗത്തിലൂടെ ആരും കടക്കാറില്ല. സുഹൃത്തുക്കളുടെ അടുത്തേക്കാണു ശരിയായ വഴിക്കു വരുന്നത്. ഞങ്ങളിപ്പോൾ ശത്രുഗൃഹത്തിലാണ് വന്നിരിക്കുന്നത്. അതുകൊണ്ടാണു വിധിപ്രകാരമുള്ള നിന്റെ പൂജകൾ ഞങ്ങൾ സ്വീകരിക്കാതിരുന്നതും.

എന്നോടെന്തിനു നിങ്ങൾക്കു ശത്രുത? നിങ്ങളോടു ഞാൻ ഒന്നും ചെയ്തിട്ടില്ലല്ലോ. ഞാൻ രാജധർമവും ക്ഷത്രിയധർമവും കൃത്യമായി പാലിക്കുന്നവൻ. പ്രജാരക്ഷണത്തിൽ യാതൊരു വീഴ്ചയും വരുത്താത്തവൻ. പിന്നെങ്ങനെ ഞാൻ കുറ്റക്കാരനാകും? നിങ്ങളുടെ ശത്രുവാകും?-ജരാസന്ധന് ഒന്നും മനസ്സിലായില്ല.

ജരാസന്ധാ, ഇനി ഞാൻ സത്യം പറയാം. ഞാൻ ദ്വാരകാകൃഷ്ണനാണ്. ഇവർ ഭീമാർജ്ജുനന്മാരും. നീ ചെയ്ത തെറ്റുകൾക്ക് നിന്നെ ശിക്ഷിക്കാനാണു ഞങ്ങൾ വന്നിരിക്കുന്നത്. നീ അയൽരാജ്യങ്ങൾ മുഴുവൻ കീഴടക്കി. രാജാക്കന്മാരെ തുറുങ്കിലടച്ചു. അവരുടെ ഭാര്യമാരെ സ്വഭാര്യമാരാക്കി. സുന്ദരികളെ അപഹരിച്ചുകൊണ്ടുവന്ന് അന്തഃപുരത്തിലാക്കി. ഇതൊന്നും നീതിക്കു നിരക്കുന്നതല്ല. അതുകൊണ്ട് യുദ്ധത്തിനൊരുങ്ങിക്കൊള്ളുക. നിന്നെ വൈകാതെ ഞങ്ങൾ കാലപുരിയിലേക്കയയ്ക്കുന്നുണ്ട്.



കൃഷ്ണാ, നീ പേടിപ്പിക്കുകയൊന്നും വേണ്ട-ജരാസന്ധൻ തിരിച്ചടിച്ചു. ഞാൻ ക്ഷത്രിയധർമം വിട്ടൊന്നും ചെയ്തിട്ടില്ല. ലോകം ബലവാന്മാർക്കുള്ളതാണ്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ. ഞാനെന്റെ ബുദ്ധിയും ശക്തിയും കൊണ്ടാണു ജയം നേടിയത്. കീഴടങ്ങിയ രാജാക്കന്മാരെയേ ഞാൻ ബന്ധനത്തിലാക്കിയിട്ടുള്ളൂ. അതു രാജധർമം. അതിന്റെ പേരിൽ എന്നോടു ശണ്ഠകൂടാനാണോ ഭാവം? നിന്റെ വിരട്ടൽ കണ്ടു പേടിച്ചു ഞാൻ അവരെയെല്ലാം മോചിപ്പിക്കുമെന്നു കരുതുന്നുണ്ടോ? കള്ള കൃഷ്ണാ, ഇതാ ഞാൻ തയ്യാർ. യുദ്ധം ഒറ്റയ്ക്കൊറ്റയ്ക്കോ പടകൂട്ടിയിട്ടോ? പറയൂ, ഏതിനും ഞാൻ തയ്യാർ-ജരാസന്ധൻ വിജൃംഭിത വീര്യനായി.

**_പെട്ടെന്ന് ഘോരമായ ഒരലർച്ചയോടെ ഭീമൻ, ജരാസന്ധനെ എടുത്തു നിലത്തടിച്ചു. നിമിഷത്തിനുള്ളിൽ അയാളെ വീണ്ടും കൈകളിൽ കോരി തലയ്ക്കു ചുറ്റും വട്ടംകറക്കി താഴെയിട്ടു._**

ശ്രീകൃഷ്ണൻ പറഞ്ഞു: പടകൂട്ടുകയൊന്നും വേണ്ട. ഞങ്ങൾ മൂന്നുപേരിൽ ഒരാളെ നീ തെരഞ്ഞെടുത്തുകൊള്ളുക. പോരു നേരിട്ടാകാം.

യുദ്ധം അനിവാര്യമാണെന്നു ബോധ്യം വന്ന ജരാസന്ധൻ ഉടൻ കുലഗുരുവിന് ആളയച്ചു. പുരോഹിതരെ വരുത്തി വിധിപ്രകാരം പുത്രൻ സഹദേവനെ രാജാവായി അഭിഷേകം ചെയ്തു. തുടർന്ന് യുദ്ധക്കളത്തിലിറങ്ങി.

മൂന്നുപേരിൽ തനിക്കു തുല്യനായി കണ്ട ഭീമസേനനോട് ഏറ്റുമുട്ടുവാൻ തയ്യാറായി. അവർ തമ്മിൽ നീണ്ട യുദ്ധം നടന്നു. ഗദകൾ കൊണ്ടും വാളുകൊണ്ടും മാറിമാറി പടവെട്ടി. ക്ഷീണിക്കാതെ ചുരമാന്തി നില്ക്കുന്ന രണ്ടുപേരെയും കാണികൾ പ്രോത്സാഹിപ്പിച്ചു. ഇടയ്ക്കു കൃഷ്ണൻ വിളിച്ചു പറഞ്ഞു: ഭീമാ, ആയുധങ്ങൾ ആവശ്യമില്ല. നിന്റെ ദിവ്യസത്വവും നിന്റെ വായുബലവും മാത്രമേ വേണ്ടൂ. കൈകൾ കൊണ്ട് അവനുമായി പൊരുതുക.

ഇതുകേട്ട് ഭീമജരാസന്ധന്മാർ ആയുധങ്ങൾ വലിച്ചെറിഞ്ഞു. രണ്ടു ദിഗ്ഗജങ്ങളെപ്പോലെ കൊമ്പുകോർത്തു. അവരുടെയലർച്ചകൾ കേട്ടു ദിക്കുകൾ നടുങ്ങി. കാണികൾ ഏറിയേറി വന്നു. സൂര്യൻ തലയ്ക്കുമുകളിൽ കത്തിജ്വലിച്ചു നിന്നു.

പെട്ടെന്ന് ഘോരമായ ഒരലർച്ചയോടെ ഭീമൻ, ജരാസന്ധനെ എടുത്തു നിലത്തടിച്ചു. നിമിഷത്തിനുള്ളിൽ അയാളെ വീണ്ടും കൈകളിൽ കോരി തലയ്ക്കു ചുറ്റും വട്ടംകറക്കി താഴെയിട്ടു. കാലുകൾ ഉയർത്തി വലിച്ചു കീറി രണ്ടുകഷണങ്ങളാക്കി യുദ്ധക്കളത്തിന്റെ നടുവിലേക്കു വലിച്ചെറിഞ്ഞു. അതോടെ ജരാസന്ധന്റെ കഥ കഴിഞ്ഞു.

ജനങ്ങൾ ആർപ്പുവിളിച്ചു. കൊട്ടാര വാതിലുകൾ മലർക്കെ തുറന്നു. ജരാസന്ധന്റെ കോട്ടയിലേക്കു ജനം ഇരച്ചു കയറി. തുറുങ്കുകൾ ഒന്നൊന്നായി തുറക്കപ്പെട്ടു. വർഷങ്ങളായി തടവിൽ കിടന്ന രാജാക്കന്മാർ പിന്നാലെ പിന്നാലെ വെളിയിൽ വന്നു. കൃഷ്ണഭീമാർജുനൻമാർക്കു നന്ദിചൊല്ലി അവർ തങ്ങളുടെ രാജ്യങ്ങളിലേക്കു മടങ്ങി.

*(തുടരും)*